**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 351** **01-07-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എം. എം. മണി,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങൾക്ക് പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും വിപുലീകരണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനും ലക്ഷ്യമിട്ട് സഹകരണ വ്യവസായ പാർക്കുകൾ എന്ന ആശയം പ്രാവർത്തികമാക്കുവാൻ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്തെ വ്യവസായവൽക്കരണത്തിന് ഉത്തേജനം നൽകുന്ന ഒരു വ്യവസായ നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നയരേഖ പ്രകാരം സഹകരണമേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ കൺസോർഷ്യങ്ങളിലൂടെ എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്ന സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് കൺസോർഷ്യം രൂപീകരിച്ചോ സ്വന്തമായോ ഇത്തരം പ്രവർത്തികൾ ഏറ്റെടുക്കാവുന്നതാണ്. |
| (ബി) | ഭൂപരിധിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് നൽകുന്ന ഇളവുകൾ സഹകരണ മേഖലയിലെ വ്യവസായ പാർക്കുകൾക്ക് കൂടി ബാധകമാക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഭൂപരിധിയിൽ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് നൽകുന്ന ഇളവുകൾ സഹകരണ മേഖലയിലെ വ്യവസായ പാർക്കുകൾക്കു കൂടി ബാധകമാക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. സഹകരണ മേഖലയിൽ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള കരട് ചട്ടം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ